(എഫ്&ജി) ഫാർമസിസ്റ്റിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, അപ്രന്റീസ്ഷിപ്പ് അടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിയമിക്കുന്നു. മാവേലി മെഡിക്കൽ സ്റ്റോറിൽ സെയിൽസ് അസിസ്റ്റന്റ് തസ്തികകയിൽ പ്രത്യേകം നിയമനം നടത്താറില്ല. കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഫാർമസിസ്റ്റുകളുടെ നിയമന കാലാവധി ഒരു വർഷമാണ്.

പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ

57 (1852) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു ;

(ബി) മാവേലി മെഡിക്കൽ സ്റ്റോറുകളിൽ വിലയിൽ എത്ര ശതമാനം കിഴിവാണ് നൽകുന്നത് ;

(സി) ഇത്തരം മാവേലിസ്റ്റോറുകൾ പുതുതായി തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; ഇവ അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) എട്ട്.

(ബി) പരാമാവധി ചില്ലറ വിൽപ്പന വിലയേക്കാൾ (എം. ആർ. പി) 10 ശതമാനം മുതൽ 30 ശതമാനം വരെ വില കുറച്ചാണ് വിൽക്കുന്നത്.

(സി) കൂടുതൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശമുണ്ട്. പ്രതിദിനം 10,000 രൂപയിൽ കുറയാത്ത വിറ്റുവരവ് സാദ്ധ്യത, അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യത എന്നീ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന സ്ഥലങ്ങളാണ് ഇതിലേയ്ക്ക് പരിഗണിക്കുന്നത്.

മാവേലി മെഡിക്കൽ സ്റ്റോറുകൾ

58 (1853) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) നിലവിൽ സംസ്ഥാനത്ത് എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഈ സ്റ്റോറുകളിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ മുരുന്നു വിൽപ്പന നടത്തിയെന്ന് അറിയിക്കാമോ ;

(സി) മാവേലി മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകൾക്ക് സ്വകാര്യ മെഡിക്കൽ സ്റ്റോറുകളെ അപേക്ഷിച്ച് എത്ര ശതമാനം വിലക്കുറവ് ഉണ്ടെന്ന് അറിയിക്കാമോ ;

(ഡി) കേരളത്തിലെ താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly